ഇളവ് അനുവദിച്ചുകിട്ടുന്നില്ല എന്നതാണ്. ഇപ്പോഴത്തെ സ്ലാബ് സമ്പ്രദായം പുനഃപരിശോധിച്ച് ആവശ്യമായ മാറ്റങ്ങൾ വരുത്തുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നു. സ്ലാബ് നിരക്കിൽ പറഞ്ഞിട്ടുള്ളതിൽനിന്നും കുറഞ്ഞ അളവിൽ വൈദ്യുതി ഉപയോഗിക്കുകയും, എന്നാൽ അംഗീകൃത സ്ലാബിന്റെ അടിസ്ഥാനത്തിൽ നേരത്തെ കൂടുതൽ വൈദ്യുതി ചാർജ് ഒടുക്കുകയും ചെയ്തിട്ടുള്ള ഉപഭോക്താവിന് പിന്നീടുള്ള ബില്ലിൽ അധികത്തുക വകവച്ചു കൊടുക്കുന്നതാണ്. ഒരു വൈദ്യുതി ഉപഭോക്താവിന്. ഇപ്പോഴത്തെ സമ്പ്രദായത്തിൽ താണ നിരക്കിലുള്ള സ്ലാബിലേക്ക് മാറുന്നതിന് 12 മാസത്തോളം കാത്തിരിക്കണം എന്നുള്ളതാണ് മറെറാരു പരാതി. ഈ പ്രയാസം പരിഹരിക്കുന്നതിന്, ഉപഭോക്താവിൽനിന്ന് ഒരു ചെറിയ ഫീസ് ഈടാക്കിക്കൊണ്ട്, എപ്പോൾ വേണമെങ്കിലും സ്ലാബ് മാറുന്നതിനുള്ള വ്യവസ്ഥ ഏർപ്പെടുത്തുന്നതായിരിക്കും. ഈ മാറ്റങ്ങൾ 1-4-1986 മുതൽ നടപ്പിൽ വരുന്നതാണ്.

കാർഷിക-വ്യാവസായിക കണക്ഷനുകൾക്ക് ആനുകൂല്യം :

44. കാർഷിക-വ്യാവസായിക ആവശ്യങ്ങൾക്ക് പ്രത്യേക പരിഗണന നൽകി വൈദ്യുതി എത്തിച്ചുകൊടുക്കുക രാജ്യത്തിന്റെ വികസന പ്രക്രിയയ്ക്ക് അത്യന്താപേക്ഷിതമാണ്. വെള്ളം പമ്പുചെയ്ത് കൃഷിക്കുപയോഗിക്കുവാൻ കഴിഞ്ഞാൽ അതുവഴി ഭൂമിയുടെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കുവാൻ സാധിക്കും. അതിലേക്ക് സ്ഥാപിക്കുന്ന പമ്പുസെറ്റിന് മിനിമം ഗാരന്റി ഒഴിവാക്കി വൈദ്യുതി കണക്ഷൻ ലഭിക്കുക എന്നത് കർഷകർ ദീർഘകാലമായി ഉന്നയിക്കുന്ന ആവശ്യമാണ്. അതിനാൽ കാർഷികാവശ്യത്തിനുവേണ്ടി നൽകുന്ന 10,000 രൂപയിൽ കൂടുതൽ ചെലവുവരാത്ത കാർഷിക കണക്ഷനുകളെ 1986 ഏപ്രിൽ ഒന്നാം തീയതി മുതൽ മിനിമം ഗ്യാരണ്ടിയിൽനിന്ന് ഒഴിവാക്കുന്നതാണ്. ഇപ്പോൾ 5,000 രൂപയിൽ കൂടുതൽ ചെലവുവരുന്ന വ്യവസായ കണക്ഷൻ നൽകുന്നതിന് വൈദ്യുതി ബോർഡ് കോൺട്രിബ്യൂഷൻ ഈടാക്കിവരുന്നുണ്ട്. ഇതു ചെറുകിട വ്യവസായ സംരംഭകർക്ക് ഒരു ഭാരമാണെന്ന പരാതി വ്യാപകമായി ഉയർന്നുവന്നിട്ടുണ്ട്. കോൺട്രിബ്യൂഷനുപകരം മിനിമം ഗാരണ്ടി വാങ്ങി കണക്ഷൻ നൽകണമെന്നുള്ളതാണ് അവരുടെ ആവശ്യം. ഗവൺമെന്റ് ഈ ആവശ്യം അംഗീകരിക്കുന്നു. 1986 ഏപ്രിൽ ഒന്നാം തീയതി മുതൽ വ്യവസായ കണക്ഷന് ഈടാക്കിവരുന്ന കോൺട്രിബ്യൂഷൻ സമ്പ്രദായം ചെറുകിട വ്യവസായങ്ങളെ സംബന്ധിച്ചിടത്തോളം നിർത്തൽ ചെയ്യുകയും, അതിനുപകരം മിനിമം ഗാരണ്ടി സമ്പ്രദായം ഏർപ്പെടുത്തുകയും ചെയ്യുന്നതാണ്.

കുഷ്ഠരോഗികൾക്കും ക്യാൻസർ രോഗികൾക്കും ധനസഹായം വർദ്ധിപ്പിക്കുന്നു :

45. കുഷ്ഠരോഗികൾക്കും ക്യാൻസർ രോഗികൾക്കും പ്രതിമാസം 50 രൂപ നിരക്കിലാണ് ധനസഹായം നൽകുന്നത്. ഇതു തികച്ചും അപര്യാപ്തമാകയാൽ ഒരു മാനുഷിക പ്രശ്നമെന്ന നിലയ്ക്ക് പ്രസ്തുത നിരക്ക് 100 രൂപയാക്കി ഉയർത്തുന്നതാണ്. ഇതിലേക്ക് 10 ലക്ഷം രൂപ നീക്കിവെയ്ക്കുന്നു.

മാനസികരോഗത്തിൽനിന്നും മറ്റും വിമുക്തി നേടിയവരുടെ പുനരധിവാസം :

46. സംസ്ഥാനത്തെ മാനസികരോഗാശുപത്രികളിലും കുഷ്ഠരോഗാശുപത്രികളിലും ചികിൽസ കഴിഞ്ഞു പുറത്തുവരുന്നവരിൽ നല്ലൊരു വിഭാഗത്തെ

LIBRARY ARCHIVES Kerala Legislative Assembly

കൂട്ടിക്കൊണ്ടുപോയി സംരക്ഷിക്കാൻ ആളില്ലാത്ത സ്ഥിതിവിശേഷം ഇപ്പോഴും നിലവിലുണ്ട്. പൂർണ്ണമായി രോഗവിമുക്തി നേടിയവരാണെങ്കിലും അവരെ ബാധിച്ചിരുന്ന രോഗങ്ങളുടെ പ്രത്യേകത്മൂലം ഇക്കൂട്ടർ വീട്ടിൽ പാർക്കുന്നത് കുടുംബത്തിലെ മറ്റംഗങ്ങളുടെ ഭാവിക്കു ദോഷകരമാണെന്ന തെറ്റായ ചിന്ത യാകാം ഈ അവസ്ഥയ്ക്കു കാരണം. സമൂഹത്തിന്റേയും ഗവൺമെൻറിന്റേയും സഹതാപവും സംരക്ഷണവും അർഹിക്കുന്ന ഈ രോഗവിമുക്തരെ പുനരധിവസിപ്പിക്കുന്നതിന് ഒരു പരിപാടി ആവിഷ്ക്കരിക്കുന്നതാണ്. ഇവർക്ക് താമസസൗകര്യവും തൊഴിൽ സൗകര്യവും സംരക്ഷണവും ഏർപ്പെടുത്തുക എന്നതാണ് ഈ പരിപാടിയുടെ ലക്ഷ്യം. ഇതിലേക്ക് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ സ്ഥലങ്ങളിൽ പുനരധിവാസകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതാണ്. 1986-87-ലേക്ക് ഈ പരിപാടിക്കുവേണ്ടി 25 ലക്ഷം രൂപ നീക്കിവയ്ക്കുന്നു.

തയ്യൽ ജോലിക്കാർക്ക് മൂലധനവായ്പ :

47. സ്വംസ്ഥാനത്തെ രൂക്ഷമായ തൊഴിലില്ലായ്മയ്ക്ക് പ്രധാന പ്രതിവിധി സ്വയംതൊഴിൽ വികസനമാണ്. ഏറ്റവും കൂടുതൽ ആളുകൾക്ക് സ്വയംതൊഴിൽ പ്രദാനം ചെയ്യുവാൻ കഴിയുന്ന മേഖലകൾ തെരഞ്ഞെടുത്ത് അവയുടെ വികസനത്തിനും തൊഴിൽ ഭദ്രതയ്ക്കും ആവശ്യമായ പരിപാടികൾ ആവിഷ്ക്കരിക്കുവാനും നടപ്പിലാക്കുവാനും നമുക്ക് സാധിച്ചാൽ ഈ ലക്ഷ്യ പ്രാപ്തിക്ക് അതു സഹായകരമായിരിക്കും. ആയിരക്കണക്കിന് പെറുപ്പുക്കാർക്ക് പ്രത്യേകിച്ച് പെൺകുട്ടികൾക്ക്, ജോലി നൽകുന്ന ഒരു രംഗമാണ് തയ്യൽ. പരമ്പരാഗതമായി ഈ തൊഴിലെടുക്കുന്നവർക്ക് പുറമേ, സംയോജിത ഗ്രാമവികസന പരിപാടി പ്രകാരം തയ്യൽ യന്ത്രങ്ങൾ ലഭിച്ച നിരവധിപേർ ഇപ്പോൾ ഈ രംഗത്ത് പ്രവർത്തിക്കുന്നുണ്ട്. ഇവരെയെല്ലാം സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിക്കുവാനും ആവശ്യമായ മൂലധനം നൽകി അവരുടെ പ്രവർത്തനമേഖല നവീകരിക്കുവാനും കഴിഞ്ഞാൽ ഒരു തൊഴിൽ എന്ന നിലയിൽ തയ്യൽ കൂടുതൽ അഭിവൃദ്ധിപ്പെടുത്തുന്നതിനും ഇനിയും വളരെപ്പേർക്ക് അവിടെ തൊഴിൽ ഭദ്രത കണ്ടെത്തുന്നതിനും കഴിയുന്നതാണ്. അതിലേക്ക് കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, താലൂക്ക്, പഞ്ചായത്തു തലങ്ങളിൽ തയ്യൽ ജോലി ചെയ്യുന്നവരുടെ ഓരോ സഹകരണ സംഘങ്ങൾ രൂപീകരിക്കുന്നതും പ്രസ്തുത സംഘങ്ങളിൽ നിർദ്ദിഷ്ട മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ ഗവൺമെൻറ് ഓഹരി മൂലധനം മുടക്കുന്നതുമാണ്. അതിലേക്ക് 10 ലക്ഷം രൂപ മാറ്റിവയ്ക്കുന്നു.

ജീവിതക്ലേശമനുഭവിക്കുന്ന മുൻ ജൻമിമാർക്ക് ആശ്വാസം :

48. കേരള കൃഷിപരിഷ്ക്കരണ നിയമവ്യവസ്ഥ പ്രകാരം കുടിയാന് ലഭിച്ച സ്ഥിരാവകാശത്തെത്തുടർന്ന് ഭൂമി നഷ്ടപ്പെട്ട വളരെ അധികം മുൻ ജൻമിമാർ ഇന്നു ദാരിദ്ര്യത്തിലും കഷ്ടതയിലും കഴിയുന്നുണ്ട്. ഒരു കാലത്ത് ഭൂവുടമകളായിരുന്നുവെങ്കിലും ഇപ്പോൾ നിർദ്ധനരായി കഴിയുന്ന ഇക്കൂട്ടർക്ക് ആശ്വാസം എത്തിച്ചുകൊടുക്കേണ്ടത് ആവശ്യമാണ്. ഭൂമി നഷ്ടപ്പെട്ട എല്ലാവരേയും സഹായിക്കുവാൻ ഗവൺമെൻറിന് ബാദ്ധ്യതയില്ല. എന്നാൽ ഏറ്റവും താഴേക്കിടയിൽ ജീവസന്ധാരണത്തിനുപോലും വിഷമിക്കുന്നവരെ സഹായിക്കേണ്ടതാവശ്യവുമാണെന്ന് ഗവൺമെൻറ് കരുതുന്നു. അതോടൊപ്പം കാർഷിക പരിഷ്ക്കരണ നിയമത്തിന്റെ ഫലമായി ഭൂമിയും ആദായവും നഷ്ടപ്പെട്ടതായിരിക്കണം ഇപ്പോഴത്തെ ദുരവസ്ഥയുടെ പ്രത്യക്ഷ കാരണം എന്നു തെളിയിക്കുകയും വേണം. 1986-87-ൽ ഇതിലേക്ക് ഒരു പരിപാടി നടപ്പാക്കുന്നതാണ്. ഇതനുസരിച്ച് :

LIBRARY ARCHIVES Kerala Legislative Assembly